ഉത്തരം

(എ) ആശുപത്രി കെട്ടിട നിർമ്മാണത്തിലേക്ക് നാൽപത്തി ഒൻപതു സെൻറു സ്ഥലം തരാമെന്നു വാഗ്ദാനം നൽകിയിട്ടുണ്ട്.

(ബി) മേൽ പറഞ്ഞ ഭൂമി ഏറെറടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സൗജന്യ ചികിൽസാ പദ്ധതി

931 [1473] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആശുപത്രികളിൽ ഇന്ന് നടത്തുന്ന സൗജന്യ ചികിൽസാ പദ്ധതിയിൽ മാറ്റങ്ങൾ വരുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ പറയാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹെൽത്ത് സർവ്വീസസ് മെച്ചപ്പെടുത്താനുള്ള ശുപാർശകൾ സമർപ്പിക്കാനായി നിയോഗിച്ചിട്ടുള്ള ഹൈ പവ്വർ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമേ ഇക്കാര്യം തീരുമാനിക്കുകയുള്ളു.

സ്വകാര്യ അലോപ്പതി ആശുപത്രികളിലെ ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേജസ്

932 [1474] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ അലോപ്പതി ആശുപത്രികളിലെ ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേജസ് നടപ്പിൽ വരുത്താതിരിക്കുന്നതിൻെറ കാരണമെന്താണ്;

(ബി) മിനിമം വേജസ് എപ്പോൾ നടപ്പിൽ വരുത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം വേജസ് നിശ്ചയിക്കാനുള്ള പ്രാഥമിക വിജ്ഞാപനം 19.1.1979-ൽ പുറപ്പെടുവിച്ചു കഴിഞ്ഞിട്ടേയുള്ളു. ആക്ഷേപങ്ങൾ സ്വീകരിക്കാനുള്ള അവസാന തീയതി 31.3.1979 ആണ്.

(ബി) 1.4.1979 നുശേഷം ഇക്കാര്യത്തിൽ അനന്തര നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly